# ‘നീ വിശ്വസിക്കുന്നുവോ?’

## മർക്കൊസ് 9:23

**“യേശു അവനോടു: നിന്നാൽ കഴിയും എങ്കിൽ എന്നോ; വിശ്വസിക്കുന്നവന്നു സകലവും കഴിയും എന്നു പറഞ്ഞു.”**

വിശ്വാസത്തെയും, പ്രാർത്ഥനയിൽ വിശ്വാസം അനിവാര്യമാണെന്നും കാണിക്കുന്ന ഒരു വേദഭാഗമാണ് നാം മേൽ കണ്ടത്. ചെറുപ്പം മുതൽ ദുരാത്മ ബാധിതനായ ഒരു കുട്ടിയുടെ പിതാവാണ് യേശുവിന്റെ അടുക്കൽ വന്ന് അവനോട് ചോദിക്കുന്നത്, നിനക്ക് എന്തെങ്കിലും ചെയ്യാൻ കഴിയുമോ? എങ്കിൽ ഇവനെ സൗഖ്യമാക്കുക. ഒന്നു നോക്കിയാൽ ആ പിതാവിന്റെ മുമ്പിലുള്ള എല്ലാ വഴികളും, എല്ലാ പ്രതീക്ഷകളും അടഞ്ഞ് തന്റെ പുത്രനെ സൗഖ്യമായിക്കാണാനുള്ള ആശകളുമൊക്കെ ഇല്ലാതായി ആകെ തകർന്ന നിലയിലാണ് ആ പിതാവിപ്പോൾ. അങ്ങനെ ഒരു അവസാന ശ്രമം എന്ന നിലക്ക്, യേശുവിനെക്കുറിച്ചും അവന്റെ അത്ഭുതങ്ങളെക്കുറിച്ചുമൊക്കെ കേട്ടിട്ടാവണം അദ്ദേഹം, തന്റെ മകനെ കൊണ്ടു വന്നത്, എന്നിട്ടു ചോദിക്കുകയാണ് ‘നിന്നാൽ വല്ലതും കഴിയും എങ്കിൽ മനസ്സലിഞ്ഞു ഞങ്ങളെ സഹായിക്കണമേ എന്ന്.’

പ്രിയമുള്ളവരെ നമ്മുടെ ജീവിതത്തിലും നാമും പലപ്പോഴും ഈ അവസ്ഥയിലൂടെയല്ലേ കടന്നു പോകുന്നത്. ഏതെങ്കിലും പ്രയാസത്തിന്റെയോ, പ്രശ്നത്തിന്റെയോ അല്ലെങ്കിൽ നമ്മെ ജീവിതത്തിൽ നിരാശരാക്കുന്ന എന്തെങ്കിലും പ്രതിസന്ധികളുടെ മദ്ധ്യത്തിലോ നാം പലപ്പോഴും നമ്മുടെ കഴിവിനും മിടുക്കിനുമൊക്കെ അനുസരിച്ച് അതു പരിഹരിക്കാൻ ശ്രമിക്കും. എന്നാൽ അതു പരിഹരിച്ചു മുൻപോട്ട് പോകാമെന്നുള്ള തോന്നലൊക്കെ നമുക്ക് ചിലപ്പോൾ ചില സന്ധർഭങ്ങളിൽ തോന്നാമെങ്കിലും അതു നമ്മെ കൂടുതൽ പ്രശ്നത്തിലേക്ക് കൊണ്ടുചെന്നെത്തിക്കും. അപ്പോഴാണ് ഒരു വിശ്വാസിയെ സംബന്ധിച്ച് അവന്റെ ആശ്രയമായ ദൈവ സന്നിധിയിലേക്ക് അവൻ കടന്നു ചെല്ലുന്നത്. ഇത് പരിഹരിക്കാൻ തന്റെ ദൈവത്തിന്ന് കഴിയും എന്നുള്ള ഒരു വിശ്വാസമില്ലായ്മയാണ് അവനെ പലപ്പോഴും മേൽപ്പറഞ്ഞതുപോലെ നയിക്കപ്പെടുവാൻ ഇടയായിത്തീരുന്നത്. എന്നാൽ യോഹന്നാൻ തന്റെ സുവിശേഷത്തിൽ കർത്താവിന്റെ വചനങ്ങളാൽ നമ്മെ ഇപ്രകാരം ഓർമ്മിപ്പിക്കുന്നു “ആമേൻ, ആമേൻ, ഞാൻ നിങ്ങളോടു പറയുന്നു; ഞാൻ ചെയ്യുന്ന പ്രവൃത്തി എന്നിൽ വിശ്വസിക്കുന്നവനും ചെയ്യും; ഞാൻ പിതാവിന്റെ അടുക്കൽ പോകുന്നതു കൊണ്ടു അതിൽ വലിയതും അവൻ ചെയ്യും. നിങ്ങൾ എന്റെ നാമത്തിൽ അപേക്ഷിക്കുന്നത് ഒക്കെയും പിതാവു പുത്രനിൽ മഹത്വപ്പെടേണ്ടതിന്നു ഞാൻ

ചെയ്തുതരും. നിങ്ങൾ എന്റെ നാമത്തിൽ എന്നോടു അപേക്ഷിക്കുന്നതു ഒക്കെയും ഞാൻ ചെയ്തുതരും.” (യോഹന്നാൻ 14:12–14)

ഇനി നമുക്ക് നമ്മുടെ ചിന്താ വാക്യമായ, യേശു അവിടെ ആ മനുഷ്യന്നു കൊടുത്ത മറുപടിയിലേക്കൊന്നു നോക്കാം. ‘യേശു അവനോടു: നിന്നാൽ കഴിയും എങ്കിൽ എന്നോ; വിശ്വസിക്കുന്നവന്നു സകലവും കഴിയും എന്നു പറഞ്ഞു.’ നാം ഇന്നു ഇതിന്റെ ആദ്യ ഭാഗത്തു പറഞ്ഞിരിക്കുന്നതു പോലുള്ള മറുപടി പലതവണ കർത്താവിൽ നിന്നു കേട്ടിട്ടുള്ളവരാണ്, കേട്ടു കൊണ്ടിരിക്കുന്നവരാണ്. എന്നാൽ വിശ്വസിക്കുക്കുന്നവന്നു സകലവും കഴിയും എന്നു കർത്താവ് അവിടെ പറഞ്ഞെങ്കിൽ ഇന്നു നാം നമ്മെ തന്നെ ഒന്നു ശോധന ചെയ്യണം, നമ്മുടെ വിശ്വാസം നമ്മെ വിടുതൽ നൽകി ആശ്വാസം പകരാൻ മതിയായതാണോ എന്ന്? ഇല്ല എന്നാണെങ്കിൽ നിനക്ക് നീ വിശ്വസിക്കുന്ന ദൈവവുമായി നിരന്തരമായ ഒരു ബന്ധമില്ല എന്നു മനസ്സിലാക്കിക്കൊള്ളുക.

ഫിലിപ്പിയർ 4:13 ൽ പൗലോസ് ഇപ്രകാരം പറയുന്നു ‘എന്നെ ശക്തനാക്കുന്നവൻ മുഖാന്തരം ഞാൻ സകലത്തിന്നും മതിയാകുന്നു.’ പൗലോസ് ഇവിടെ ഫിലിപ്പ്യ സഭയെ തന്റെ ശക്തി എന്തെന്നു കാണിച്ചുകൊടുക്കുകയാണ്. കാരണം, താൻ അവർക്കീ ലേഖനമെഴുതുന്നതു തന്നെ കാരാഗൃഹത്തിൽ കിടന്നു കൊണ്ടാണ്. അങ്ങിനെയുള്ള ഒരാൾക്ക് തങ്ങളോട് എപ്രകാരം ഇങ്ങനെ സന്തോഷത്തിന്റെയും സമാധാനത്തിന്റെയും വചനങ്ങൾ എഴുതുവാൻ സാധിക്കും എന്നു അവർ ചിന്തിച്ചേക്കാം എന്നു പൗലോസിന്നു നന്നായി അറിയാം. അതു കൊണ്ടാണ് തന്റെ യഥാർത്ഥ ബലം തന്റെ കഴിവോ മിടുക്കോ ഒന്നുമല്ല ‘എന്നെ ശക്തനാക്കുന്നവൻ എന്റെ കർത്താവാണ്’ എന്നു പൗലോസ് അവിടെ അവരെ ബോധ്യപ്പെടുത്തുന്നത്.

അങ്ങിനെയെങ്കിൽ ഇന്നു നീ നിന്നോട് തന്നെ ചോദിക്കുക എന്റെ ദൈവം എന്നെ എന്തിന്നു വേണ്ടിയാണ് വിളിച്ചു വേർതിരിച്ചിരിക്കുന്നത്? എന്റെ ജീവിതം കൊണ്ട് ദൈവം എന്താണ് ഉദ്ദേശിക്കുന്നത്? ദൈവത്തിന്റെ പദ്ധതികൾ നിറവേറുന്നതിന്നു എന്റെ വിശ്വാസത്തിൽ മതിയായ ഉറപ്പ് അല്ലെങ്കിൽ അവനോട് മതിയായ വിധേയത്വം ഉണ്ടോ? ഈ ചോദ്യങ്ങൾക്കുള്ള ഉത്തരം നാം ഓരോരുത്തരും കണ്ടെത്തിയേ മതിയാവൂ. കാരണം വിശ്വാസമില്ലാതെ അല്ലെങ്കിൽ വിശ്വസിക്കുന്ന ദൈവത്തിൽ ഒരു ഉറപ്പ് നമുക്കില്ലാതെ നാം വിശ്വാസികളാണെന്നു പറഞ്ഞ് നമ്മുടെ ജീവിതം മുന്നോട്ട് കൊണ്ടുപോയിട്ട് കാര്യമില്ല. നമ്മുടെ വിശ്വാസം വർദ്ധിപ്പിക്കുവാൻ ദൈവത്തിന്റെ പരിശുദ്ധറൂഹാ നമ്മെ സഹായിക്കുമാറാകട്ടെ. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

പരാമർശം :

എഫേസ്യർ 3:20–21

“എന്നാൽ നാം ചോദിക്കുന്നതിലും നിനെക്കുന്നതിലും അത്യന്തം പരമായി ചെയ്‌വാൻ നമ്മിൽ വ്യാപരിക്കുന്ന ശക്തിയാൽ കഴിയുന്നവന്നു സഭയിലും ക്രിസ്തുയേശുവിലും എന്നേക്കും തലമുറ തലമുറയായും മഹത്വം ഉണ്ടാകട്ടെ. ആമേൻ.”

ബ്രദർ ബിനു ബേബി ആലപ്പുഴ 034